പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3744 | 14.03.2017 ൽ മറുപടിയ്ക്ക്

# അരിവില നിയന്ത്രിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാം കുഴി അലി | | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അരിവിലയിൽ ഏകദേശം എത്ര രൂപയുടെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്; | (എ) | ഏകദേശം 10 രൂപയിൽ അധികം വർദ്ധിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തിന് ലഭിക്കുന്ന റേഷൻ വിഹിതത്തിൽ ഉണ്ടായ കുറവ് അരിവില വർദ്ധിക്കുന്നതിന് ഇടയാക്കിയിട്ടുണ്ടോ; എങ്കിൽ ഇത് നിയന്ത്രിക്കുന്നതിന് സർക്കാരിന് കഴിയാത്തത് എന്തുകൊണ്ടാണ്; | (ബി) | ഉണ്ട്. അരി വില നിയന്ത്രണ വിധേയമാക്കുന്നതിനായി സപ്ലൈകോ ശക്തമായ വിപണിയിടപെടൽ നടത്തി വരുന്നു. |
| (സി) | എഫ്.സി.ഐ ഗോഡൗണുകളിലുണ്ടായ അട്ടി കൂലി പ്രശ്നം ചരക്കുനീക്കംതടസ്സപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇത് അരിവില വർദ്ധിക്കുന്നതിന് ഇടയാക്കിയിട്ടുണ്ടോ; | (സി) | ഉണ്ട്. എഫ്. സി.ഐ. തൊഴിലാളികളുടെ കൂലിപ്രശ്നവുമായി ബന്ധപ്പെട്ടുള്ള പണിമുടക്കം അരി വില വർദ്ധിക്കുന്നതിനുള്ള കാരണങ്ങളിൽ ഒന്നാണ്. |
| (ഡി) | സംസ്ഥാനത്തിന്റെ പൊതു വിപണിയിൽ അരി വില നിയന്ത്രിക്കുന്നതിന് കാര്യക്ഷമമായി ഇടപെടാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | നിലവിലില്ല. അരിവില നിയന്ത്രിക്കുന്നതിനും അരിയുടെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് എന്നിവ തടയുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അതോടൊപ്പം സംസ്ഥാനത്തൊട്ടാകെ അരിക്കടകൾ തുറന്ന് കൂടുതൽ അരി കുറഞ്ഞ വിലയ്ക്ക് വിൽക്കുവാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ